**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ്- പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കുള്ള പ്രത്യേക പദ്ധതി- പത്തനംതിട്ട ജില്ല-ഉത്തരവിൽ ഭേദഗതി- പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ (സാധാ) നം.1255/2016/ധന തീയതി, തിരുവനന്തപുരം, 05.02.2016**

സൂചന: 1. 26.11.2015 ലെ സ.ഉ.(സാധാ) നം. 10286/2015/ധന ഉത്തരവ്.
2. 19.01.2016 ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി6/11375/14/സി ഇ/ത.സ്വ.ഭ.വ നം. കത്ത്.

**ഉത്തരവ്**

പ്രാദേശിക മുൻഗണനാ പ്രവൃത്തികൾക്കായുള്ള പ്രത്യേക പദ്ധതി പ്രകാരം പത്തനതിട്ട ജില്ലയിൽ ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ തുമ്പോൺതറ- ഈഞ്ചക്കുഴി റോഡ് 415 മീറ്റർ ഗതാഗതയോഗ്യമാക്കുക എന്ന പ്രവൃത്തി 14 ലക്ഷം രൂപ ചെലവിൽ നടപ്പാക്കുന്നതിന് പ്രത്യേക അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR 2014 പ്രകാരം പുതുക്കിയപ്പോൾ തുക 16.15 ലക്ഷം രൂപയായി വർദ്ധിച്ചതിനാൽ അധികരിച്ചുവരുന്ന തുകയ്ക്കുള്ള അംഗീകാരം ലഭ്യമാക്കണമെന്ന് പരാമർശം (2) ലെ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സൂചന (1)ലെ സർക്കാർ ഉത്തരവ് പ്രകാരം പത്തനതിട്ട ജില്ലയിൽ ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ തുമ്പോൺതറ- ഈഞ്ചക്കുഴി റോഡ് 415 മീറ്റർ ഗതാഗതയോഗ്യമാക്കുക എന്ന പ്രവൃത്തിയ്ക്ക് അനുവദിച്ച അടങ്കൽ തുകയായ 14 ലക്ഷം രൂപ എന്നത് 16.15 ലക്ഷം രൂപയാക്കി ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന ഒന്നിലെ സർക്കാർ ഉത്തരവിൽ മേൽ ഭേദഗതി ഉൾപ്പെടുത്തുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**എസ്.വി.കല**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ &ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, പത്തനതിട്ട
5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, തിരുവനന്തപുരം
6. സെക്രട്ടറി, ഇലന്തൂർ ഗ്രാമപഞ്ചായത്ത് , ഇലന്തൂർ പി.ഒ, പത്തനംതിട്ട
7. ജില്ലാ ട്രഷറി ഓഫീസർ, പത്തനംതിട്ട
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

---

**ഉത്തരവിൻ പ്രകാരം**

Sreekumar

**സെക്ഷൻ ഓഫീസർ**